# ALL UNIONS / ASSOCIATIONS OF BSNL
## KERALA CIRCLE

<u>പത്രക്കുറിപ്പ്</u> തീയതി: 16-02-2019

## ബി.എസ്.എൻ.എൽ. ത്രിദിന പണിമുടക്ക്

ബി.എസ്.എൻ.എൽ.ലെ എല്ലാ യൂണിയന്റെയും അസോസിയേഷന്റെയും നേതൃത്വത്തിൽ ബി.എസ്.എൻ.എൽ ജീവനക്കാർ രാജ്യവ്യാപകമായി ഫെബ്രുവരി 18 മുതൽ മൂന്ന് ദിവസത്തെ പണിമുടക്ക് നടത്തുന്നു. കേന്ദ്രവാർത്താ വിനിമയ വകുപ്പുമന്ത്രി ശ്രീ.മനോജ് സിൻഹയുമായി നടത്തിയ ചർച്ചയെ തുടർന്ന് ഡിസംബർ 3ന് നടത്താനിരുന്ന അനിശ്ചിതകാല പണിമുടക്ക് മാറ്റിവയ്ക്കുകയുണ്ടായി. എന്നാൽ മന്ത്രി നൽകിയ ഉറപ്പിന്മേൽ യാതൊരു നടപടിയും നാളിതുവരെ സ്വീകരിക്കാത്ത സാഹചര്യത്തിലാണ് ത്രിദിനപണിമുടക്കുമായി മുന്നോട്ടുപോകുവാൻ സംഘടനകൾ നിർബന്ധിതമായത്.

ഇന്ത്യൻ ടെലികോം രംഗത്തെ ജനപക്ഷ സാന്നിദ്ധ്യമാണ് ബി.എസ്.എൻ.എൽ. സ്വകാര്യ കമ്പനികളുടെ കഴുത്തറുപ്പൻ ചൂഷണത്തിൽ നിന്ന് ജനങ്ങൾക്ക് തെല്ലെങ്കിലും ആശ്വാസം നൽകുന്നത് ഈ പൊതു മേഖലാ സ്ഥാപനമാണ്. എന്നാൽ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നയങ്ങൾ ബി.എസ്.എൻ.എൽ ന്റെ അന്ത്യം കുറിയ്ക്കാനുള്ള പുറപ്പാടിലാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സേവനം വിപുലീകരിക്കാനുള്ള ബി.എസ്.എൻ.എൽ.ന്റെ ശ്രമത്തെ 4ജി സ്പെക്ട്രം നിഷേധിച്ചുകൊണ്ട് തടസ്സപ്പെടുത്തുന്നു. ബി.എസ്.എൻ.എൽ ന്റെ അഭാവത്തിൽ മറ്റ് കമ്പനികൾ 4ജി ഡാറ്റാ മാർക്കറ്റ് പിടിച്ചെടുക്കുകയാണ്. ബി.എസ്.എൻ.എൽ ഇപ്പോഴും, 2 ജിയിലും, 3ജിയിലുമാണ് പ്രവർത്തിക്കുന്നത്. ഇന്ത്യൻ ജനതയ്ക്ക് വാർത്താ വിനിയമ മേഖല അപ്രാപ്യമാകാതിരിക്കാൻ, ഡാറ്റാ സേവന മേഖലയിൽ കുത്തക കൈവരിക്കാനുള്ള സ്വകാര്യ കമ്പനികളുടെ നീക്കത്തെ ചെറുക്കുവാൻ ബി.എസ്.എൻ.എൽ.ന് 4ജി സ്പെക്ട്രം അനുവദിക്കാൻ കേന്ദ്രസർക്കാർ തയ്യാറാവണം.

ബി.എസ്.എൻ.എൽ രൂപീകരിച്ച സമയത്ത് എല്ലാ ആസ്തികളും ബി.എസ്.എൻ.എൽ നു കൈമാറുമെന്ന് കേന്ദ്രമന്ത്രിസഭ തീരുമാനിച്ചിരുന്നു. കമ്പനി രൂപീകരിച്ച് പതിനെട്ടു വർഷം പൂർത്തിയാക്കിയിട്ടുപോലും ആസ്തികൾ കൈമാറുവാൻ സർക്കാർ തയ്യാറായിട്ടില്ല. ഒഴിഞ്ഞു കിടക്കുന്ന വസതുക്കളും കെട്ടിടങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നതിന്, അതിലൂടെ പ്രതിവർഷം ബി.എസ്.എൻ.എൽ.ന്റെ 10000 കോടി രൂപ വരുമാനം ഉണ്ടാക്കുവാനുള്ള നീക്കത്തിനു സർക്കാർ തടയിടുന്നു. ബി.എസ്.എൻ.എൽ.ന്റെ എല്ലാ ടവറുകളുടെയും സംരക്ഷണവും, പരിപാലനവും വലിയ തുകയ്ക്ക് പുറം കരാർ നൽകുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. നിലവിലുള്ള ജീവനക്കാർ ചെയ്യുന്ന ജോലികൾ പുറം കരാർ നൽകുന്ന നടപടിയിൽ നിന്നും പിന്തിരിയണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ഇന്ത്യൻ ടെലികോം രംഗത്ത് പുതുതായി കടന്ന മുകേഷ് അംബാനിയുടെ റിലയൻസ് ജിയോയെ കൈയ്യയച്ച് സഹായിക്കുകയാണ് കേന്ദ്രസർക്കാർ. ട്രായ്

നിബന്ധനകളെ മറികടന്ന് താരീഫ് നിർണ്ണിയിച്ചതും സൗജന്യം പ്രാഖ്യാപിച്ചതും സർക്കാർ സഹായത്തോടെയാണ്. ബി.എസ്.എൻ.എൽ ഉൾപ്പെടെയുള്ള കമ്പനിയുടെ വരുമാനത്തെ ഇത് ഗണ്യമായി ബാധിച്ചു. മറ്റ് സ്വകാര്യ കമ്പനികൾക്ക് ബാങ്ക് ലോൺ നൽകിയും, പലിശ നിരക്ക് കുറച്ചുകൊണ്ടും അവരുടെ പ്രതിസന്ധി പരിഹരിക്കുമ്പോൾ ബി.എസ്.എൻ.എൽ. നു ലോൺ എടുക്കാനുള്ള അനുമതിപോലും നൽകുവാൻ സർക്കാർ തയ്യാറാവുന്നില്ല. മുഴുവൻ സാമ്പത്തിക പ്രതിസന്ധിയും ജീവനക്കാരുടെ മേൽ കെട്ടിവെയ്ക്കുവാൻ ശ്രമിക്കുകയാണ്. ജീവനക്കാരുടെ ആനുകൂല്യം വെട്ടികുറച്ചും, കരാർ തൊഴിലാളികൾക്ക് ശമ്പളം നൽകാതെയും പ്രതിസന്ധി പരിഹരിക്കാനാണ് ശ്രമം. പ്രതി സന്ധിയുടെ മറവിൽ 1-1-2017 മുതൽ ജീവനക്കാരുടെ ശമ്പളവും വിരമിച്ചവരുടെ പെൻഷനും പരിഷ്ക്കരിക്കാൻ തയ്യാറാവുന്നില്ല.

ബി.എസ്.എൻ.എൽ. അടച്ചുപൂട്ടുകയോ അല്ലെങ്കിൽ തന്ത്രപ്രധാനിയായ പങ്കാളിയെ കണ്ടെത്തി കൈമാറുകയോ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടിയിലേക്കു പോകുവാനാണ് കേന്ദ്രസർക്കാർ നീക്കം. ബി.എസ്.എൻ.എൽ. അധികൃതരുമായുള്ള ഉന്നത തല യോഗത്തിലാണ് സർക്കാർ അവരുടെനിലപാട് അറിയിച്ചത്. അതനുസരിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. സ്വകാര്യകമ്പനികളുടെ സമ്മർദ്ദത്തിനു വഴങ്ങി ഇന്ത്യയിലെ ഏക പൊതുമേഖലാ ടെലികോം കമ്പനിയായ ബി.എസ്.എൻ.എൽ. നെ തകർത്ത് ഇന്ത്യൻ ടെലികോം രംഗം കുത്തകകൾക്ക് അടിയറവെയ്ക്കാനുള്ള നീക്കമാണ് ഇതിനു പിന്നിൽ.

ബി.എസ്.എൻ.എൽ ന് 4ജി സ്പെക്ട്രം അനുവദിക്കുമെന്നും, ബി.എസ്.എൻ.എൽ ൽ സംരക്ഷിക്കുമെന്നും ശമ്പള പരിഷ്ക്കരണം ഉൾപ്പെടെ നടപ്പാക്കുമെന്നും മന്ത്രി നൽകിയ ഉറപ്പുപാലിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് 2018 ഫെബ്രുവരി 18 മുതൽ ത്രിദിനപണിമുടക്കുമായി മുന്നോട്ടുപോകുവാൻ തീരുമാനിച്ചത്.

**സി.സന്തോഷ്കുമാർ**
കൺവീനർ,
ആൾ യൂണിയൻസ്/അസോസിയേഷൻ
ഓഫ് ബി.എസ്.എൻ.എൽ. കേരള.